DESPATCHED
On. 22/06/2020

07/05/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1457(4)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.9398/SIC-Gen 2/2015**

സന്നിഹിതൻ

ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. കെ.ബി. അബ്ദുൾഖാദർ,
പോസ്റ്റ്മാസ്റ്റർ റിട്ടേർഡ്,
പോസ്റ്റൽ ആന്റ് ടെലികോം സ്റ്റാഫ് ക്വാർട്ടേഴ്സ്,
വിദ്യാനഗർ പി.ഒ., കാസറഗോഡ് – 671 123. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
ചെമ്മനാട് ഗ്രാമപഞ്ചായത്ത്,
പെരുമ്പള പി.ഒ., കളനാട് (വഴി),
കാസറഗോഡ് – 671 317.

2. അപ്പീൽ അധികാരി &
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ, വിദ്യാനഗർ പി.ഒ.,
കാസറഗോഡ് – 671 123.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 18.02.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.03.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 09.04.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 28.05.2015 |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | 01.06.2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 03.06.2015 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ചെമ്മനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായി ബന്ധപ്പെട്ട 19 ചോദ്യങ്ങൾ ഉന്നയിച്ച് ഒന്നാം എതിർകക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി കൃത്യമായി ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 27.12.19ൽ കാഞ്ഞങ്ങാട് PWD റെസ്റ്റ് ഹൗസിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി പങ്കെടുത്തു.

3. അപ്പീൽ ഹർജിക്കാരൻ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഏറെയും പഞ്ചായത്ത് പ്രസിഡന്റിനെ വ്യക്തിപരമായി ബാധിക്കുന്നതും, ചിലത് ടി പ്രസിഡന്റിനെ വ്യക്തിപരമായി അവഹേളിക്കുന്ന തരത്തിലുള്ളതാണെന്നും, അതു

കൊണ്ടാണ് കൃത്യമായ മറുപടി നൽകാതിരുന്നതെന്നും ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു.

4. ഒന്നാം എതിർകക്ഷിയുടെ മൊഴിയും, അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. അതിൽ നിന്ന്, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെടുന്ന കൂടുതൽ വിവരങ്ങളും പഞ്ചായത്ത് പ്രസിഡന്റിനെ വ്യക്തിപരമായി ബാധിക്കുന്നതും, ടിയാളുടെ സ്വകാര്യതയിലേക്കു കടന്നു കയറ്റം നടത്തുന്നതും, ഒരു തരത്തിലുമുള്ള പൊതുതാൽപ്പര്യവും അടങ്ങിയിട്ടില്ലാത്തതും, ചില ചോദ്യങ്ങൾ വിവരാവകാശ നിയമ പ്രകാരം ചോദിക്കാൻ പാടില്ലാത്തതുമായവയാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു.

5. അതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജി തള്ളുന്നു. മേൽപറഞ്ഞ പ്രകാരം ഇന്നേ ദിവസം, 2020 മേയ് മാസം 7–ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
കെ.വി.സുധാകരൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

gk.